# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3882 24/08/2017-ൽ മറുപടിയ്ക്ക്**

**ശ്രീ. ബിനേഷ് ബാലന് സ്കോളർഷിപ്പ് നൽകുന്നതിൽ ഉണ്ടായ കാലതാമസം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| (എ) | വിദേശത്ത് ഉപരിപഠനത്തിനായി കേന്ദ്ര സർക്കാർ നൽകിയ സ്കോളർഷിപ്പ് ശ്രീ. ബിനേഷ് ബാലന് നൽകുന്നതിൽ എന്തെല്ലാം നിയമ തടസ്സങ്ങളാണ് ഉണ്ടായിരുന്നത്; വിശദമാക്കാമോ; | (എ) | വിദേശത്ത് ഉപരിപഠനത്തിനായി കേന്ദ്ര സർക്കാർ നൽകുന്ന സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ മുഖേനയല്ല കേന്ദ്ര സർക്കാർ നേരിട്ടാണ് നല്കുന്നത്. |
| (ബി) | പ്രസ്തുത ഫയലിൽ സ്കോളർഷിപ്പ് അനുവദിച്ച് നൽകുന്നതിന് കാല താമസം വരുത്തിയ ഉദ്യോഗസ്ഥർ ക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത ഫയലിലെ നോട്ട് ഫയലിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | ഈ വിദ്യാർത്ഥിക്ക് ഉപരിപഠന ത്തിനുള്ള സൗകര്യം ഒരുക്കുന്നതിൽ വകുപ്പമന്ത്രി ഇടപെടാൻ ഉണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | 02/07/2009-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.50/2009/പജപവവിവ. പ്രകാരമുള്ള മാന ദണ്ഡങ്ങൾ അനുസരിച്ചാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ ഓവർസീസ് സ്കോളർഷിപ്പ് ലഭിച്ചതായും 2016 സെപ്റ്റംബർ അദ്ധ്യായന വർഷത്തിൽ ഇംഗ്ലണ്ടിലെ യൂണിവേഴ്സിറ്റിലേയ്ക്ക് വിസയ്ക്ക് അപേക്ഷിക്കുവാനും IELTS, ട്രെയിനിംഗ് മറ്റ് അനുബന്ധചെലവുകൾ എന്നിവയ്ക്കായി 1,50,000/- രൂപ അനുവദിക്കണ മെന്ന് ശ്രീ.ബിനേഷ്, ബഹു.വകുപ്പമന്ത്രിയ്ക്ക് നല്കിയ |

| | | | |
|---|---|---|---|
| | | | അപേക്ഷയുടെ അടിസ്ഥാനത്തിൽ, മേൽ ആവശ്യങ്ങൾക്കും വിസാചെലവിനുമായി 1,50,000/- രൂപ ശ്രീ.ബിനേഷിന് അനുവദിക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് അനുബന്ധരേഖകൾ സഹിതം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ 24/06/2016-ൽ സർക്കാരിലേയ്ക്ക് കത്ത് സമർപ്പിച്ചിരുന്നു സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സർക്കാർ ഉത്തരവ് (സാധാ) നം.1043/2016/പജപവവിവ തീയതി 03/08/2016 പ്രകാരം IELTS ട്രെയിനിംഗ് ഫീസിനത്തിൽ 13,500/- രൂപയും അക്കോമഡേഷൻ ഫീസിനത്തിൽ 13,000/- രൂപയും ചേർത്ത് 26,500/- രൂപ മുൻകൂറായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. . പ്രസ്തുത ദിവസം തന്നെ (03/08/2016) മേൽ തുക ശ്രീ. ബിനേഷിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഉത്തരവായിരുന്നു. തുടർന്ന്, യൂണിവേഴ്സിറ്റിയിലേയ്ക്കുള്ള യാത്രാതയ്യാറെടുപ്പുകൾക്കും മറ്റു ചെലവുകൾക്കുമായി 1,23,500/- രൂപ അനുവദിക്കണമെന്ന് കാണിച്ച് ടിയാൻ 23/09/2016-ന് ബഹു. വകുപ്പ് മന്ത്രിയ്ക്ക് അപേക്ഷ നല്കിയിരുന്നു. ടി അപേക്ഷ പരിഗണിച്ച്, 1,23,500/- രൂപ കൂടി അനുവദിച്ചു കൊണ്ട് (സർക്കാർ ഉത്തരവ് (സാധാ) നം.1418/2016/ പജപവവിവ. തീയതി, 01/10/2016) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി തുക 14/10/2016-ൽ ശ്രീ. ബിനേഷിന് അനുവദിച്ച് ഉത്തരവ് നല്കുകയും ചെയ്തിരുന്നു. ഈ രണ്ട് തുകയും 2225-02-277-98-12-(നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നാണ് അനുവദിച്ചത്. ശ്രീ. ബിനേഷ് ബഹു. വകുപ്പുമന്ത്രിയ്ക്ക് നല്കിയ അപേക്ഷയിൽ ആവശ്യപ്പെട്ട പ്രകാരം സർക്കാർ ഉത്തരവ് പ്രകാരം ആകെ 1,50,000/- രൂപ ടിയാന് അനുവദിച്ച് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ